ലുണ്ടെങ്കിൽ കാലതാമസം കൂടാതെ പി.എസ്.സി. ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്തു വരുന്നുണ്ട്.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.5.99 വരെ, 61,614 പേർക്ക് പി.എസ്.സി. മുഖേന നിയമനശുപാർശ നൽകിയിട്ടുണ്ട്.

13 (*163) പേ ക്ലിനിക്കുകൾ തുടങ്ങാൻ പദ്ധതി

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
പ്രൊഫ. സവിത്രി ലക്ഷ്മണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗികൾക്ക് വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പേ ക്ലിനിക്കുകൾ തുടങ്ങാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ പ്രവർത്തനരീതി എപ്രകാരമായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനത്തിന് ഏകീകൃത ഫീസ് നിരക്ക് ഏർപ്പെടുത്താനാണോ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം ഗവണ്മെന്റ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ)-(ഡി) ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച് ജയചന്ദ്രൻ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കുകയും തുടർന്ന് അവിടെ പേ ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്യുകയുണ്ടായി. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിൽ ഇതിനായി പ്രത്യേക പദ്ധതിയൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

14 (*164) ശിശുക്കൾക്ക് വാക്സിൻ നൽകാൻ നടപടി

ശ്രീ.പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കൻപോക്സിനും മ്യൂമോണിയയ്ക്കുമെതിരെയുള്ള വാക്സിൻ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാക്സിൻ കേരളത്തിൽ ലഭ്യമാണോ;

(സി) സംസ്ഥാനത്തെ മുഴുവൻ ശിശുക്കൾക്കും ലഭ്യമായിട്ടുള്ള എല്ലാ വാക്സിനും നൽകാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly